LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ: സർ, മത്സ്യബന്ധന മേഖലയിൽ മറ്റേത് കാലത്തും ഉണ്ടായതിനേക്കാളും മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. മൽസ്യ ഉല്പാദന രംഗത്തൊക്കെത്തന്നെ വലിയ മുന്നേറ്റം ഉണ്ടായി കഴിഞ്ഞിരിക്കുകയാണ്. അടിസ്ഥാന വികസന മേഖലയിൽ, വലിയ ഇടപെടലാണ് സർക്കാർ നടത്തുന്നത്. ഇപ്പോൾ കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബർ തന്നെ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ മുന്നരക്കൊല്ലം കൊണ്ടാണ് 40 കോടി രൂപയുടെ ഒരു ഹാർബറിന്റെ പണി പൂർത്തിയാകാൻ പോകുന്നത്. മത്സ്യ മേഖലയിൽ തൊഴിലാളികളുടെ കടാശ്വാസം പൂർണ്ണമായി സംരക്ഷിക്കാനുള്ള നടപടികൾ എന്തെല്ലാമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യാ രാജ്യത്ത് ആദ്യമായാണ് മത്സ്യത്തൊഴിലാളികൾക്ക് ഏതാണ്ട് 280 കോടി രൂപയുടെ കടാശ്വാസം നൽകുന്നത്. 100 കോടി രൂപ ക്യാഷായിട്ട് സഹകരണ സംഘങ്ങൾക്ക് ഈ വർഷം കൊടുത്തു കഴിഞ്ഞു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശാസ്ത്ര സാഹിത്യ പരിഷത്തുകാർ നാടകത്തിലൊക്കെ പറയാറുണ്ടായിരുന്നു കേരളത്തിൽ പിറക്കുന്ന ഒരു കുഞ്ഞ് 100 രൂപ കടക്കാരനായി പിറക്കാൻ വിധിക്കപ്പെട്ടിരിക്കുകയാണെന്ന്. കേരളത്തിൽ ഇന്ന് ജനിക്കുന്ന ഒരു കുഞ്ഞ് 16075 രൂപയുടെ കടക്കാരനായി ജനിക്കുന്നു എന്നുമാത്രമല്ല അങ്ങയുടെ കണക്കുകൾ പ്രകാരം തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ പെർക്യാപിറ്റാ ഡെപ്പബ്റ്റ് ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറുകയാണ്. ഇങ്ങനെ ഈ സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു അപകടകരമായ സാഹചര്യം എങ്ങനെ ഒഴിവാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അദ്ദേഹത്തിന് ഉറപ്പ് നൽകുന്നു കടം ഇനിയും കൂടിക്കൊണ്ടിരിക്കും. അതുകൊണ്ട് കടത്തിന്റെ ഭാരം അളക്കേണ്ടത് എത്ര കടമുണ്ടെന്ന് നോക്കിയിട്ടല്ല. ഓരോ കുഞ്ഞിന്റെയും പ്രതിശീർഷ വരുമാനംകൂടി നോക്കണം. അങ്ങനെ വരുമ്പോൾ കേരളത്തിലെ കടഭാരം കൂടുകയല്ല എന്ന് മനസ്സിലാകും.

മുസ്ലീം പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ നിലനിൽക്കുന്ന ബാക്ക് ലോഗ് നികത്താൻ നടപടി

3(*195) ശ്രീ. യു. സി. രാമൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം അർഹതപ്പെട്ട നിയമനങ്ങൾ നഷ്ടപ്പെട്ട മുസ്ലീം ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് ബാക്ക് ലോഗ് നികത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നാൽ ഇപ്രകാരമുള്ള ബാക്ക് ലോഗ് നികത്തിക്കൊടുക്കുമെന്ന വാഗ്ദാനം തെരഞ്ഞെടുപ്പുവേളയിൽ ജനങ്ങൾക്ക് നൽകിയിരുന്നതനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മുസ്ലീം പിന്നോക്ക വിഭാഗങ്ങളുടെ നിയമനങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന ബാക്ക് ലോഗ് നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ - സി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006 -ൽ പുറപ്പെടുവിച്ച സ.ഉ.(പി) നമ്പർ.8/6/പഞ്ചവവിവ പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാറ്റഗറി ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. സർക്കാർ സർവ്വീസിലേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി രൂപീകരിച്ച മാതൃകയിൽ, സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ബാക്ക് ലോഗ് നികത്താൻ അതാത് സംവരണ സമുദായങ്ങൾക്ക് നഷ്ടപ്പെട്ടുപോയ സംവരണ സീറ്റുകൾ നികത്താനുള്ള നടപടികളെക്കുറിച്ച് പരിശോധിച്ചുവരികയാണ് എന്ന് ഈ സഭ വന്ന അന്നുമുതൽ ഞങ്ങൾ കേൾക്കുകയാണ്. പരിശോധിച്ചു കഴിഞ്ഞോ അതിൽ എന്തെങ്കിലും നടപടിയുണ്ടാകുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇപ്പോൾ അതിന്റെ ഒരു സംവിധാനമില്ല. അതുസംബന്ധിച്ച് ആവശ്യമായ നടപടികൾ നമുക്ക് സ്വീകരിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.ടി. മേഖലയിലെ വളർച്ച

*(*156) ശ്രീ. എം. എം. മോനായി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ഐ.ടി. മേഖലയിൽ ഉണ്ടായ മാന്ദ്യം മാറിത്തുടങ്ങിയിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly